**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2213. 22.01.2014 ൽ മറുപടിയ്ക്ക്.

<u>വാഹനങ്ങളിലെ ഗ്ലാസ്സിന്റെ സുതാര്യത</u>

| <u>ചോദ്യം</u><br>ശ്രീ. എം. ഉമ്മർ | | <u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) മോട്ടോർ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഗ്ലാസ്സിന്റെ സുതാര്യത സംബന്ധിച്ച നിയമം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | ഗ്ലാസ്സിന്റെ സുതാര്യത സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രത്യേക ചെക്കിംഗ് സംഘടിപ്പിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതി യുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇരുചക്രവാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങളുടെ വിൻഡ് ഷീൽഡിലും സൈഡ് ഗ്ലാസ്സുകളിലും പതിച്ചിട്ടുള്ള സൺഫിലിം /കറുത്ത ഫിലിം, വാഹനത്തി നുള്ളിലെ കാഴ്ച മറയ്ക്കുന്ന പദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കാൻ പാടില്ലെന്നും ഗ്ലാസിന്റെ സുതാര്യത സംബന്ധിച്ച ചട്ടം കർശനമായി പാലിക്കണമെന്ന് നിഷ്കർ ഷിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവിക്കും, ഗതാഗത കമ്മീഷണർക്കും സർക്കാർ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പൊതുജന ങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന തിനായി സർക്കാർ പത്രക്കുറിപ്പും നൽകിയിരുന്നു. ഗ്ലാസ്സിന്റെ സുതാര്യത കണ്ടെത്തുന്നതിനായി ട്രാൻസ്പെരൻസി മീറ്റർ വാങ്ങുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) വി.വി.ഐ.പി.കളുടേതല്ലാത്ത സർക്കാർ വാഹനങ്ങൾക്ക് ഈ നിയമത്തിൽ ഇളവനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വാഹനങ്ങളെ യാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | Z കാറ്റഗറി സുരക്ഷ ഉള്ളവർക്ക് സർക്കാർ ഒഴിവ് നൽകുന്നുണ്ട്. മറ്റൊരു വിഭാഗ ത്തേയും ഒഴിവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | നിയമം നടപ്പാക്കാൻ നടപടി സ്വീകരിച്ച ശേഷം ചില സർക്കാരിതര വാഹനങ്ങളിൽ കർട്ടനുകളും അതുപോലുള്ള മറ്റു വസ്തുക്കളുമുപയോഗിച്ച് മറച്ച് നിയമലംഘനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതിനായി പല ഉദ്യോഗസ്ഥരും സർക്കാർ പണം ദുരുപയോഗം ചെയ്യു കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ ; | (ഡി) | ഇക്കാര്യം ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഇ) | നിയമത്തിന്റെ നടത്തിപ്പ് ഉദ്യോഗസ്ഥർത്തന്നെ അട്ടിമറിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തി നിയമ പാലനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേന്ദ്ര മോട്ടോർവാഹന ചട്ടങ്ങൾ പ്രകാരമാണ് വാഹനങ്ങളുടെ വിൻഡ് ഷീൽഡിലും സൈഡ് ഗ്ലാസ്സുകളിലും സൺഫിലിം പോലെ കാഴ്ച മറയ്ക്കുന്ന വസ്തുക്കൾ ഒട്ടിക്കരുതെന്ന് നിഷ്കർഷിച്ചി ട്ടുള്ളത്. ഇക്കാര്യത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ.